SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

**നം. ഡി.സി.പി.എം/3581/24/സ്കോൾ-കേരള** **തീയതി : 23.01.2025**

## സ്കോൾ-കേരള-ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് ആദ്യ ബാച്ച് (2025) - പ്രവേശന വിജ്ഞാപനം

സർക്കാർ അംഗീകരിച്ച "ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ്" കോഴ്സിന്റെ ആദ്യ ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

| | | |
|---|---|---|
| പ്രവേശന യോഗ്യത | - | എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സിലെ വിജയം |
| പ്രായപരിധി | - | 18 വയസ് മുതൽ 45 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുക.) നിലവിൽ വിവിധ വകുപ്പുകളിൽ ആയമാരായി സേവനം അനുഷ്ടിക്കുന്നവർക്ക് ഉയർന്ന പ്രായപരിധിയില്ലാതെ അപേക്ഷിക്കാവുന്നതാണ്. |
| പഠനമാധ്യമം | - | മലയാളം |
| പഠന രീതി | - | ബ്ലെൻഡഡ് മോഡ് (ഓൺലൈൻ/ഓഫ്ലൈൻ) |
| കോഴ്സ് കാലാവധി | - | ആറ് മാസം (300 മണിക്കൂർ) |

**ഫീസ് ഘടന**

| | | |
|---|---|---|
| കോഴ്സ് ഫീസ് | - | 3500/- |
| പ്രവേശന ഫീസ് | - | 500/- |
| ആകെ | - | 4000/- |

കോഴ്സ് ഫീസ് ഒറ്റത്തവണയായോ രണ്ട് തവണകളായോ ഒടുക്കാവുന്നതാണ്. കോഴ്സ് ഫീസിന്റെ 50% (1750 + 500) പ്രവേശന സമയത്തും, രണ്ടാം ഗഡു 50% (1750/- രൂപ) ഹാജർ പൂർത്തിയാക്കുന്നതിന് മുമ്പും ഒടുക്കേണ്ടതാണ്.

**24.01.2025** മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. പിഴകൂടാതെ **10.02.2025** വരെയും 100/- രൂപ പിഴയോടെ **15.02.2025** വരെയും ഫീസ് അടച്ച് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ് ഫീസ് ഓൺലൈൻ/ ഓഫ് ലൈനായി ഒടുക്കുവാൻ സൗകര്യം ഉണ്ട്. ഓഫ് ലൈനായി ഒടുക്കുന്നവർ വെബ്സൈറ്റ് മുഖേന ജനറേറ്റ് ചെയ്ത് ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദേശങ്ങൾ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് സ്കോൾ-കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷാഫാറം പ്രിന്റ് എടുത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഫീസ് അടച്ച ഒറിജിനൽ ചെലാൻ എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ടു ദിവസത്തിനകം നിർദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12 എന്ന വിലാസത്തിലോ സ്കോൾ-കേരളയുടെ അതാത് ജില്ലാ കേന്ദ്രങ്ങളിലോ നേരിട്ട് എത്തിക്കേണ്ടതും അല്ലെങ്കിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗം അയക്കാവുന്നതുമാണ്. ജില്ലാകേന്ദ്രങ്ങളിലെ മേൽവിലാസവും, പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും സ്കോൾ-കേരള വെബ്സൈറ്റിൽ (www.scolekerala.org) ലഭ്യമാണ്.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA - SCOLE - Vidhya Bhavan Poojappura Thiruvananthapuram 695012

സെക്രട്ടറി

C5/DCPM/lr.18